LIBRARY ARCHIVES Kerala Legislative Assembly

**പ്രളയത്തെ തുടർന്ന് ഗതി മാറി ഒഴുകിയ നദികൾ**

244(990) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ഗതി മാറി ഒഴുകുകയും ചെയ്ത നദികളെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പ്രളയത്തെ തുടർന്ന് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ഗതി മാറി ഒഴുകുകയും ചെയ്ത നദികളെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി നദികൾക്കു കുറുകെ നിർമ്മിച്ചിട്ടുള്ള തടയണ/റെഗുലേറ്ററുകൾക്ക് സമീപം അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ, ചെളി, മണൽ, മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും ശാസ്ത്രീയപഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ ചില നദികളുടെ ഭാഗങ്ങൾ ഗതിമാറി ഒഴുകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പൊതുവിൽ പഠനങ്ങൾ നടന്നിട്ടില്ല. ഇത് കണക്കിലെടുത്ത്, കേരളത്തിലെ 44 നദികളുടെയും നിലവിലെ സ്ഥിതി പഠിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും പ്രാഥമിക വിവരശേഖരണം നടന്നുവരികയും ചെയ്യുന്നു.

**സ്വകാര്യഭൂമിയിലെ ജല സ്രോതസ്സുകളുടെ സംരക്ഷണം**

245(991) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിലെ ഭൂഗർഭ ജലസമ്പത്തുകളെയും നീരുറവകളെയും പരിരക്ഷിക്കാനും അതുവഴി കൃഷിയിടങ്ങളിലേക്ക് ആവശ്യാനുസരണം ജലം ലഭ്യമാക്കാനും പര്യാപ്തമായ ജല സ്രോതസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംരക്ഷിക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) സ്വകാര്യ ഭൂമിയിലെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോ ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ;

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ സ്വകാര്യ ഭൂമിയിലെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിന് സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോ, എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ;

(ഡി) സ്വകാര്യഭൂമിയിൽ ജല സംരക്ഷണത്തിന്റെ ഭാഗമായി കയ്യാല കെട്ടൽ, മഴക്കുഴി നിർമ്മാണം, കിണർ റീചാർജിംഗ് തുടങ്ങിയ പ്രവൃത്തികൾക്ക് ധനസഹായം അനുവദിക്കുമോ; വിശദമാക്കാമോ?

(എ-ഡി) സർക്കാർ തലത്തിൽ ഇതുസംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**ഭൂജലനിരപ്പും കുഴൽകിണർ നിർമ്മാണവും**

246(992) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂജലനിരപ്പിന്റെ നിലവിലെ സ്ഥിതി എന്താണ്; ഇതിൽ ഏതെല്ലാം തട്ടുകളെ (ബ്ളോക്ക്) ആണ് കുഴൽ കിണർ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ഭൂജലവകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനം എല്ലാ മാസവും ശേഖരിച്ച് പഠന വിധേയമാക്കി വരുന്നു. 2021 ഏപ്രിൽ മാസത്തിലെ (പ്രീ-മൺസൂൺ) ഭൂജലവിതാനം, ദശാബ്ദശരാശരിയുമായി (2011-2020) താരതമ്യം ചെയ്തപ്പോൾ തുറന്ന കിണറുകളിൽ 26 ശതമാനവും കുഴൽ കിണറുകളിൽ 43 ശതമാനവും 31 ശതമാനം ട്യൂബ് വെല്ലുകളിലും ജലവിതാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 50 ശതമാനവും കിണറുകളിലും ജലവിതാനത്തിലെ കുറവ് 0.5 മീറ്ററിന് താഴെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ഭൂജലവകുപ്പും, കേന്ദ്ര ഭൂജലബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലവിഭവശേഷി 3 വർഷത്തിലൊരിക്കൽ തിട്ടപ്പെടുത്തി വരുന്നു. ഭൂജല എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഭൂജല ഉപഭോഗ-തോതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളെ അമിത ചൂഷിതം, ഗുരുതരം, അർദ്ധ ഗുരുതരം, സുരക്ഷിതം എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ടി റിപ്പോർട്ട് പ്രകാരം ഒരു തട്ടുകളെയും (ബ്ലോക്കുകളെയും) കുഴൽ കിണർ വിഭാഗത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. നിലവിൽ 19-5-2005-ലെ ജി.ഒ. (പി) നമ്പർ 58/2005/ജവിവ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളായ 1. അതിയന്നൂർ 2. കൊടുങ്ങല്ലൂർ 3. ചിറ്റൂർ 4. കോഴിക്കോട് 5.കാസർഗോഡ് എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേരള കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് സംസ്ഥാനത്ത് കുഴൽകിണർ നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പെർമിറ്റ് നിർബന്ധമാണ്. ഇതിന് ഭൂജല വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമാണ്.

(ബി) സ്വകാര്യ വ്യക്തികൾക്കുള്ള കുഴൽ കിണറിനുള്ള അപേക്ഷയിൽ നിലവിലെ ഫീസ് എന്താണ്; ഇത് കാലോചിതമായി പരിഷ്കരിക്കാറുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly